**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2336 08.05.2017-ൽ മറുപടിക്ക്**

## പ്ലസ് വൺ ജ്യോഗ്രഫി പരീക്ഷ

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.എം. വിൻസെന്റ്**<br>**ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.ഹൈബി ഈഡൻ**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) ഈ വർഷത്തെ പ്ലസ് വൺ ജ്യോഗ്രഫി പരീക്ഷയെപ്പറ്റി ഉയർന്നുവന്ന ആക്ഷേപങ്ങൾ അന്വേഷിച്ചിട്ടുണ്ടോ; | (എ) അന്വേഷിച്ചിട്ടുണ്ട്. |
| (ബി) എത്ര മാർക്കിന്റെ ചോദ്യങ്ങളാണ് മോഡൽ പരീക്ഷയിലെ ചോദ്യങ്ങളിൽ നിന്നും ചോദിച്ചതായി കണ്ടെത്തിയത് ;<br><br>(സി) പൊതു പരീക്ഷയിലെ 1,2,3,5,8,9,10,13,14,15,18,19,21 എന്നീ ചോദ്യങ്ങൾ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ പ്ലസ് വൺ പരീക്ഷയുടെ മോഡൽ പരീക്ഷയ്ക്ക് ചോദിച്ച ചോദ്യങ്ങൾ തന്നെ ആയിരുന്നോ എന്ന് വ്യക്തമാക്കുമോ; | (ബി) & (സി) *കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ* ചില സ്കൂളുകളിൽ ഉപയോഗിച്ച മാതൃക ചോദ്യക്കടലാസിലുള്ള പതിനഞ്ച് മാർക്കിനുള്ള അഞ്ച് ചോദ്യങ്ങൾ (ചോദ്യ നം. 1, 14, 18, 23, 24) അതേ രീതിയിലും 8 മാർക്കിന്റെ 3 ചോദ്യങ്ങൾ (ചോദ്യ നം. 2, 3, 21) സമാന രൂപത്തിലും ആവർത്തിച്ചിട്ടുണ്ട്. എന്നാൽ, ഇതേ ചോദ്യങ്ങൾ 2015 മാർച്ച്, 2016 മാർച്ച്, 2016 സെപ്റ്റംബർ എന്നീ കാലങ്ങളിൽ നടത്തിയ ഹയർ സെക്കന്ററി പരീക്ഷകളുടെ ചോദ്യപേപ്പറുകളിലും കാണാവുന്നതാണ്. |
| (ഡി) പ്രസ്തുത രണ്ട് ജില്ലകളിലെയും മോഡൽ പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നതിനുള്ള ചുമതല ഏത് അദ്ധ്യാപക സംഘടനക്കായിരുന്നു; ഇതിനായി ടി സംഘടനയ്ക്ക് നൽകിയ തുക എത്രയാണ് ? | (ഡി) സർക്കാർ ഒരു അധ്യാപക സംഘടനയേയും ചുമതലപ്പെടുത്തിയിരുന്നില്ല. സർക്കാരിൽ നിന്നും തുക നൽകിയിട്ടുമില്ല. |

സെക്ഷൻ ഓഫീസർ.